**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2531** | **04-03-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം നിയോജകമണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എറണാകുളം നിയോജകമണ്ഡലത്തിൽ 2021-2022 സാമ്പത്തികവർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തികവർഷവും ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളുടെ പേരും സംരംഭകന്റെ വിലാസവും സംരംഭത്തിന്റെ സ്വഭാവവും സംരംഭത്തിനായി സർക്കാർ നൽകിയ സഹായത്തിന്റെ വിശദാംശവും സൃഷ്ടിക്കപ്പെട്ട തൊഴിൽ അവസരങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരം ഗ്രാമപ്പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ? | (എ) | 2022-23 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എറണാകുളം നിയോജക മണ്ഡലത്തിൽ നാളിതുവരെ 1981 സംരംഭങ്ങൾ ആരംഭിക്കുകയും, ഇതുവഴി 5744 പേർക്ക് തൊഴിലവസരം സൃഷ്ടിക്കുവാനും സാധിച്ചു. (പട്ടിക താഴെ) ആരംഭിച്ച ഓരോ സംരംഭങ്ങളുടെയും വിശദവിവരങ്ങൾ www.yearofenterprises.kerala.gov.in എന്ന പോർട്ടലിൽ ശേഖരിച്ചിട്ടുണ്ട്. സംരംഭക വർഷത്തോട് അനുബന്ധിച്ച് സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ്. |

| വർഷം | ചേരാനല്ലൂർ | | കൊച്ചി കോർപ്പറേഷൻ | | എറണാകുളം നിയമസഭാ മണ്ഡലം (ആകെ) | |
|---|---|---|---|---|---|---|
| | സംരംഭങ്ങളുടെ എണ്ണം | സൃഷ്ടിച്ച തൊഴിലവസരങ്ങൾ | സംരംഭങ്ങളുടെ എണ്ണം | സൃഷ്ടിച്ച തൊഴിലവസരങ്ങൾ | സംരംഭങ്ങളുടെ എണ്ണം | സൃഷ്ടിച്ച തൊഴിലവസരങ്ങ |
| 2022-23 | 157 | 314 | 694 | 2123 | 851 | 2437 |
| 2023-24 | 110 | 279 | 487 | 1487 | 597 | 1766 |
| 2024-25 | 122 | 282 | 411 | 1259 | 533 | 1541 |
| **ആകെ** | 389 | 875 | 1592 | 4869 | 1981 | 5744 |

സെക്ഷൻ ഓഫീസർ